## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 258 — 01.12.2014-ൽ മറുപടിയ്ക്ക്

## വാഹനാപകടങ്ങളിൽ മരണപ്പെട്ടവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാരിന്റെ ഭരണക്കാലയളവിൽ നാളിതുവരെ സംസ്ഥാനത്ത് വാഹനാപകടങ്ങളിലും മറ്റ് വിധ റോഡപകടങ്ങളിലുമായി എത്രപേർ മരണപ്പെട്ടു എന്ന് വിശദമായി വ്യക്തമാക്കാമോ;

(എ) 14,418 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) ഇതിൽ ബൈക്കപകടത്തിൽപ്പെട്ട് എത്ര യുവാക്കളാണ് മരണപ്പെട്ടത് എന്ന് വ്യക്തമാക്കാമോ ;

(ബി) 4,021 യുവാക്കളാണ് മരണപ്പെട്ടിട്ടുള്ളത്.

(സി) കോഴിക്കോട് ജില്ലയിൽ എൻ.എച്ച്-ൽ കോരപ്പുഴ പാലത്തിനും മൂതട പാലത്തിനും ഇടയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാഹനാപകടത്തിൽ എത്ര പേർ മരണപ്പെട്ടു എന്നത് വിശദമാക്കാമോ; എൻ.എച്ച്-ലെ ഈ ഭാഗങ്ങളിൽ വാഹനാപകടം വർദ്ധിച്ചുവരുന്നതും അപകട മരണം തുടർച്ചയായി സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ,

(സി) 134 പേർ മരണപ്പെട്ടിട്ടുണ്ട്; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എൻ.എച്ച് - ൽ പ്രസ്തുത ഭാഗങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള അടിയന്തിര നടപടികൾ വിശദമാക്കാമോ ;

(ഡി) അപകട മേഖലകളിലും വളവുകളിലും മറ്റും സൈൻ ബോർഡുകൾ സ്ഥാപിക്കുകയും പ്രസ്തുത റോഡുകളിൽ ഡ്യൂട്ടിക്കായി പോലീസ് സേനാംഗങ്ങളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

( ഇ) വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടത്തി വരുന്ന പരിപാടികൾ/ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

(ഇ ) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രധാനപ്പെട്ട റോഡുകളായ എൻ.എച്ചിലേയും, എം.സി റോഡിലേയും അപകട മേഖലകൾ കണ്ടുപിടിച്ച് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ബ്ളിങ്കർ ലൈറ്റുകളും, സിഗ്നൽ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ റഡാർ, ഇന്റർസെപ്റ്റർ സംവിധാനങ്ങളും 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹൈവേ പട്രോളിങ്ങ് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനും അപകടകരമായ റോഡു വക്കുകൾ മണ്ണിട്ടു നികത്തുവാനും ദേശീയ പാതയോരത്തെ കുറ്റിക്കാടുകൾ വെട്ടിത്തെളിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

അമിതവേഗതമൂലമുള്ള വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി **സ്പീഡ് ക്യാമറകൾ (Full Automatic Speed Violation Detection System)** സ്ഥാപിച്ചിട്ടുണ്ട്. ഹെൽമറ്റ് ധരിക്കാതെയും, സീറ്റ് ബെൽറ്റ് ധരിക്കാതെയും വാഹനം ഓടിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിച്ചുവരുന്നു. മദ്യപിച്ച്

വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിനായി ആൽക്കോ മീറ്റർ, ബ്രീത്ത് അനലൈസർ എന്നിവ ഉപയോഗിച്ച് പരിശോധന നടത്തി വരുന്നു.

വിവിധ വാഹനങ്ങളുടെ ഡ്രൈവർമാർക്കുംപൊതുജനങ്ങൾക്കുമായി പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായും ഹൈവേ ജാഗ്രതാ സമിതികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് എന്നിവയുടെ നേതൃത്വത്തിലും ട്രാഫിക് ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. മാത്രമല്ല സ്ക്കൂളുകളും, കോളേജുകളും കേന്ദ്രീകരിച്ച് ട്രാഫിക്ക് ബോധവൽക്കരണത്തിനായി നാടകങ്ങളും സെമിനാറുകളും സംഘടിപ്പിച്ചു വരുന്നു. റോഡപകടങ്ങളിൽ ഇരയാവുന്നവർക്ക് ആദ്യത്തെ ഒരു മണിക്കൂറിനുള്ളിൽതന്നെ (ഗോൾഡൻ അവർ) പ്രഥമ ശുശ്രൂക്ഷ നൽകുന്നതിനായി ആരോഗ്യ-ആഭ്യന്തര വകുപ്പുകൾ സംയുക്തമായി " **സ്മൈൽ**" (**The Seemless Medical Intervention for Life Care and Emergency**) പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**